## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4254.** **19.10.2011-ൽ മറുപടിക്ക്**

## പടക്കനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി. ബാലകൃഷ്ണൻ** | **ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) അസംഘടിത മേഖലയായ പടക്ക നിർമ്മാണത്തിലും വില്പനയിലും ലൈസൻസ് എടുത്തിട്ടുള്ളവരും അവരുടെ കീഴിൽ ജോലി ചെയ്യുന്ന-വരുമായി എത്ര തൊഴിലാളികൾ ഉണ്ട്; | (എ) പടക്ക നിർമ്മാണത്തിനും വിൽപ്പനയ്ക്കും തൊഴിൽ വകുപ്പിൽ നിന്ന് ലൈസൻസ് നൽകുന്നില്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത വിൽപ്പനശാലകളിലായി 1200-ൽ ഏറെ തൊഴിലാളികൾ ഉണ്ട്. |
| (ബി) ഈ മേഖലയിൽ പണി എടുക്കുന്നവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; പെൻഷൻ, സൗജന്യ ഇൻഷ്വറൻസ് ക്ഷേമനിധി എന്നിവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) പടക്ക നിർമ്മാണ ശാലകളിലെ തൊഴി-ലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതും പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്. 10 വർഷത്തിൽ കൂടുതൽ അംഗത്വമുള്ള തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം പെൻഷനും ലഭിക്കു-ന്നതാണ്. വിൽപ്പനശാലകളിലെ തൊഴിലാളികൾക്ക് കേരള പീടിക തൊഴിലാളി ക്ഷേമനിധിയിൽ അംഗമാ-കാവുന്നതും അതിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ കൈ-പ്പറ്റാവുന്നതുമാണ്. തൊഴിൽ വകുപ്പു മുഖേന നടപ്പാക്കുന്ന ആം ആദ്മി ബീമായോജന എന്ന ഇൻഷുറൻസ് സ്കീമിന്റെ പരിധിയിൽ വരുന്ന തൊഴിലാളി-കൾക്ക് 75,000/- രൂപ വരെയുള്ള അപകട ഇൻഷുറൻസ് പദ്ധതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഫാക്ടറീസ് ആക്ടിന് കീഴിൽ വരുന്ന തൊഴിലാളികൾക്ക് ടി നിയമ പ്രകാരമുള്ള സംരക്ഷണം ലഭിക്കുന്നതാണ്. |
| (ഡി) | തൊഴിലിന്റെ റിസ്ക് പരിഗണിച്ച് അപകടങ്ങൾ സംഭവിക്കുമ്പോൾ ആനുകൂല്യം നൽകാൻ നിയമ നിർമ്മാണം നടത്തുമോ? | (ഡി) | ഈ മേഖലയിലെ തൊഴിലാളികൾ 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതിനാൽ അപകടം സംഭവിച്ചാൽ ടി നിയമ പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ